"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (ക്രൂസ്) ശ്രീ. എസ്.യു.കൃഷ്ണകുമാർ(ഡ്രൈവർ), ശ്രീമതി. ഷീബ. എസ് (പ്യൂൺ) എന്നിവരെയും ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജീവനക്കാരായ ശ്രീ. അനുരൂപ്. പി (ഹെൽപ്പർ), ശ്രീ. കെ.എസ്സ്. രഞ്ജിത്ത് (ഹെൽപ്പർ) എന്നിവരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ച നടപടി സാധൂകരിച്ച് നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.697/2026/LSGD    തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. സ.ഉ.(എം.എസ്)നം.176/2010/എൽ.എസ്.ജി.ഡി, തീയതി 13/08/2010
2. സ.ഉ.(എം.എസ്)നം.42/2017/തസ്വഭവ, തീയതി 20/02/2017
3. സ.ഉ(സാധാ) നം.54/2025/ധന, തീയതി 19.04.2025
4. ക്രൂസ് സെക്രട്ടറിയുടെ 07/02/2023, 02/05/2023, 06/08/2025, 17/09/2025, 10/11/2025, 25/11/2025 തീയതികളിലെ എ/127/2021 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ (ക്രൂസ്) ശ്രീ. എസ്സ്.യു.കൃഷ്ണകുമാർ (ഡ്രൈവർ), ശ്രീമതി. ഷീബ. എസ് (പ്യൂൺ) എന്നിവരെയും ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ശ്രീ. അനുരൂപ്. പി(ഹെൽപ്പർ), ശ്രീ. രഞ്ജിത്ത്. കെ.എസ് (ഹെൽപ്പർ) എന്നിവരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ച നടപടി അംഗീകരിച്ചു നൽകണമെന്ന് ക്രൂസ് സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രൂസിന്റെ സ്വന്തം വരുമാനത്തിൽ നിന്നാണ് പ്രവർത്തനച്ചെലവുകൾ കണ്ടെത്തി വരുന്നത് എന്ന് ക്രൂസ് സെക്രട്ടറി വ്യക്തമാക്കിയ സാഹചര്യത്തിൽ പരാമർശം (3) ഉത്തരവിലും അതിൽ പരാമർശിച്ചിട്ടുള്ള മറ്റ് ഉത്തരവുകളിലും ഉള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശ്രീ. എസ്സ്.യു കൃഷ്ണകുമാർ (ഡ്രൈവർ), ശ്രീമതി.എസ്സ്. ഷീബ (പ്യൂൺ), ശ്രീ. പി. അനുരൂപ് (ഹെൽപ്പർ) എന്നിവരെ നാളിതു വരെയും ശ്രീ. കെ.എസ്. രഞ്ജിത്തിനെ (ഹെൽപ്പർ) ടിയാൻ സേവനം അവസാനിപ്പിച്ച

**26.12.2023** വരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ/ ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Jayakrishnan. K
Date: 12-03-2026 09:41:37
സെക്ഷൻ ഓഫീസർ